LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുറപ്പ് തൊഴിലാളികളുടെ ജോലിസമയവും സുരക്ഷയും

12 (*582) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട തൊഴിലാളികളുടെ ജോലിസമയം പരിഷ്കരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ ; ഇപ്പോഴത്തെ ജോലി സമയം എന്താണ് ; എന്ത് മാറ്റമാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) തൊഴിലിടങ്ങളിൽ വച്ചു പരിക്കുപറ്റുന്ന തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട തൊഴിലാളികളുടെ ജോലിസമയം പരിഷ്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) എന്ന് ഭേദഗതി ചെയ്ത് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 1 (19 എ) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് ജോലിസമയം രാവിലെ 9 മണി മുതൽ 4 മണി വരെ എന്ന് നിശ്ചയിക്കണമെന്നാണ്.

(ബി) തൊഴിലിടങ്ങളിൽ പരിക്ക് പറ്റുന്ന തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു. സുരക്ഷിതമായ കുടിവെള്ളം, കുട്ടികൾക്കും, വിശ്രമസമയത്തും വേണ്ട തണൽ, തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ സംഭവിക്കുന്ന ആരോഗ്യ വിപത്തുകൾക്കും ചെറിയ

പരിക്കുകൾക്കും അടിയന്തര ചികിത്സയ്ക്ക് പര്യാപ്തമായ മരുന്നുകളും അനുബന്ധ സാമഗ്രികളും അടങ്ങുന്ന പ്രാഥമിക ശുശ്രൂഷാപ്പെട്ടി എന്നീ സൗകര്യങ്ങൾ, തൊഴിലാളികൾക്കൊപ്പം പ്രവൃത്തിസ്ഥലത്ത് വരുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം അഞ്ചോ അതിൽ കൂടുതലോ ആയിരിക്കുന്ന സംഗതിയിൽ, സ്ത്രീതൊഴിലാളികളിലൊരാളെ അത്തരം കുട്ടികളെ പരിചരിക്കുന്നതിന് നിയോഗിക്കുന്നതിനുള്ള വ്യവസ്ഥ, തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നയാൾക്ക് പ്രവൃത്തി ചെയ്യുന്ന വേളയിലോ, പ്രവൃത്തിമൂലമോ ഉണ്ടാകുന്ന അപകടങ്ങളാൽ പരിക്കുപറ്റുകയാണെങ്കിൽ, അയാൾക്ക് ആവശ്യമായിവരുന്ന വൈദ്യചികിത്സ സൗജന്യമായി നൽകുന്നു, പരിക്കുപറ്റിയ തൊഴിലാളിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരുമ്പോൾ, താമസം, ചികിത്സ, മരുന്നുകൾ, വേതനനിരക്കിന്റെ പകുതിയിൽ കുറയാത്ത ദിനബത്ത എന്നിവയുൾപ്പെടെയുള്ള ആശുപത്രി ചികിത്സ നൽകുന്നു, തൊഴിലിൽ ഏർപ്പെടുന്ന ആൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, പ്രവൃത്തിമൂലമോ, ഉണ്ടാകുന്ന അപകടങ്ങളിൽനിന്ന് മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ അയാൾക്കോ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കോ, ആം ആദ്മി ബീമായോജനയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ അനുസരിച്ചുള്ളതോ ആയ എക്സ്-ഗ്രേഷ്യ ലഭിക്കുന്നതിനും തൊഴിൽ ചെയ്യുന്ന ഒരു വ്യക്തിയോടൊപ്പം വരുന്ന ഒരു കുട്ടിക്ക് അപകടംമൂലം പരിക്ക് സംഭവിക്കുകയാണെങ്കിൽ, ആ കുട്ടിക്ക് സൗജന്യ വൈദ്യ ചികിത്സയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതും പ്രസ്തുത അപകടംമൂലം കുട്ടിക്ക് മരണമോ വൈകല്യമോ സംഭവിക്കുകയാണെങ്കിൽ, കുട്ടിയുടെ നിയമപരമായ രക്ഷിതാക്കൾക്ക് എക്സ്-ഗ്രേഷ്യ ലഭിക്കുന്നതാണ്.

കേന്ദ്ര പദ്ധതികൾ

13 (*583) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ :

(ബി) പദ്ധതികളുടെ നിർവ്വഹണ രംഗത്തെ വീഴ്ചകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly